



RAINBOW

SMCM NEWSLETTER


EDITORIAL BOARD

- Fr Joy Thottamkara C.Ss.R
- Mr. Shibu Mathew (Chief Editor)
- Mr. Raji Chacko
- Mrs. Teena Thomas


CONTENTS


- Editorial
- Message from the Chaplain
- Feast Celebrations
- Articles and Poems
- Community News and Events
- Bible Quiz
- Snippets


# Editorial

Vol .3 Date: 21/10/12



പ്രഭാതസൂര്യന്റെ കിരണങ്ങൾ പുലരിയെ ആവരണം ചെയ്തിരിക്കുന്ന മഞ്ഞുകണങ്ങളെ വകഞ്ഞുമാറ്റി -നിദ്രയുടെ ആലസ്യത്തിലാണ്ട ഭൂമിദേവിയെ നിറുകയിൽ തലോടിയുണർത്തി, നമ്മെ ഒരു പുതിയ പുലരിയുടെ വർണ്ണപ്രപഞ്ചത്തിലേക്കാനയിക്കുവാൻ - മാരിവില്ലിന്റെ അകമ്പടിയോടെ - പ്രഭ ചൊരിഞ്ഞെത്തിയിരിക്കുന്നു. അതെ, നമ്മുടെ കുട്ടികളുടെ മനസ്സിൽ വിരിയുന്ന സ്വപ്നങ്ങളെ നയനമനോഹരവർണ്ണങ്ങളാക്കി കോർത്തിണക്കി നമ്മുടെ റയിൻബോ വീണ്ടും എത്തുകയാണ്.

നമ്മുടെ സഭയുടെ വിളക്കും, അമ്മയുമായ, അശരണർക്കു എന്നും ആശ്വാസവും സഹായവുമായ നിത്യസഹായമാതാവിന്റെ തിരുനാൾ നാം ആഘോഷിക്കുന്ന ഈ വേളയിൽ - ഈ ലക്കം നമ്മുടെ മാഗസിൻ പരിശുദ്ധഅമ്മയ്ക്കായി സമർപ്പിക്കുകയാണ്. ഈ അവസരം നമുക്കോരോരുത്തർക്കും - നാട്ടിൽ കാത്തിരിക്കുന്ന, അല്ലെങ്കിൽ ഈ ലോകത്തോടു വിടപറഞ്ഞ, നമ്മുടെ ഓരോരുത്തരുടേയും അമ്മമാർക്കായി സമർപ്പിക്കാം. അനേകകാതമകലെ നമ്മുടെ ഒരു ശബ്ദത്തിനായി, ഒരു കാലൊച്ച കേൾക്കുവാനായി കാത്തിരിക്കുന്ന നമ്മുടെ അമ്മ, സ്നേഹത്തിന്റെയും വാൽസല്യത്തിന്റെയും നിറകുടമായ, കാരുണ്യത്തിന്റെയും സഹനത്തിന്റെയും പര്യായമായ, ജീവിതപന്ഥാവിലേക്കു നമ്മെ ആദ്യമായി കൈപിടിച്ചു നടത്തിയ നമ്മുടെ അമ്മ. ജീവിതപ്രാരാബ്ധങ്ങൾക്കിടയിൽ ഉറ്റവരേയും ഉടയവരേയും മറന്നു പരക്കം പായുമ്പോൾ - കാലിടറാതെ നമ്മെ കാത്തുസൂക്ഷിക്കുന്നത് - എന്നും നിശബ്ദമായി അങ്ങകലെ നമുക്കായി ജപമാലയർപ്പിച്ചു പ്രാർത്ഥിക്കുന്ന നമ്മുടെ അമ്മമാരുടെ കണ്ണീരണിഞ്ഞ പ്രാർത്ഥനയുടെ ശക്തിയാണ്.

നമ്മുടെ കുടുംബത്തിന്റെ വിളക്കാണ് അമ്മ. പരിശുദ്ധമാതാവ്, തന്റെ പുത്രനായ ഈശോയെ വളർത്തിയപോലെ - നമ്മെ കാത്തുസൂക്ഷിച്ചു, ഉറച്ച ദൈവസ്നേഹത്തിലും, പ്രാർത്ഥനയിലും, വിശ്വാസത്തിലും നല്ല വ്യക്തികളായി വളർത്തുന്നതിനു, ദൈവം പരിശുദ്ധമാതാവിന്റെ പ്രതിനിധിയായിട്ടാണ് അമ്മമാരെ ഓരോ കുടുംബങ്ങളിലേക്കും അയച്ചിരിക്കുന്നത്. ദൈവത്തിന്റെ ഏറ്റവും നല്ല സമ്മാനമാണ് അമ്മ.

മാതാ-പിതാ-ഗുരു-ദൈവം എന്നാണു മഹത്തായ ഭാരതസംസ്കാരം നമ്മെ പഠിപ്പിക്കുന്നത്. ആദരണീയവും അഗ്രഗണ്യവുമായ സ്ഥാനമാണ് അമ്മയ്ക്കു ആർഷഭാരതം സംസ്കാരം കൽപ്പിച്ചു നൽകിയിരിക്കുന്നത്. നമ്മുടെ സ്വന്തം അമ്മയെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നതിലൂടെ നമ്മൾ പരിശുദ്ധ മാതാവിനെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ആദരിക്കുകയുമാണ് ചെയ്യുന്നത്. അമ്മയിലൂടെ നാം പരിശുദ്ധ മാതാവിലേക്കു എത്തിച്ചേരുകയാണ്. ഈ തിരുനാൾ അവസരം നിത്യസഹായമാതാവിന്റെ കൃപാകടാക്ഷവും, സംരക്ഷണവും നമ്മുടെ അമ്മമാരിലും നമ്മുടെ കുടുംബങ്ങളിലുമുണ്ടാകുവാൻ ഇടയാകുവാൻ നമുക്കു പ്രാർത്ഥിക്കാം. **എല്ലാവർക്കും തിരുനാൾ മംഗളങ്ങൾ നേർന്നുകൊണ്ട് ഈ ലക്കം നിങ്ങൾക്കായി സമർപ്പിക്കുന്നു.**

എന്ന്,

**എഡിറ്റോറിയൽ ടീമിനുവേണ്ടി**

**ഷിബു മാത്യു**

# Message from the Chaplain



## *"Blessed is she who believed" (Luke 1:44)*



**Fr Joy Thottamkara CSsR**

**Chaplain, Syro Malabar Catholic Mission**



**Year of Faith**

**(October 2012 to November 2013)**

Elizabeth exclaimed "blessed is she who believed" when the Blessed Virgin Mary visited her. Mary believed everything that the angel of the Lord told her. Being a virgin and being betrothed to Joseph, Mary had doubts about how all these would be fulfilled, yet she believed.

This year we are celebrating "The Year of Faith" from October 2012 to November 2013. The year of Faith – commemorates the 50th anniversary of the opening of the Second Vatican Council. Pope John XXIII (now Blessed John XXIII) the initiator of the council, preferred to call the Council "a new Pentecost." It was his dearest hope that the Council would be a new springtime in the life of the Church.

John XXIII was obviously a man who trusted deeply in God. Pope John was 81 years of age when he called the Council on 11th October 1962. At the time of its' opening session, Pope John was a sick man, with cancer. He died on 3rd June the following year. He saw himself essentially as a pastor, as a shepherd, who wanted to bring everyone with his embrace. We know now, that the Council changed catholic life in a drastic way.

For us this is a time to rekindle the faith that we have received at our baptism. We have had solemn inauguration of the Year of Faith with the Divine Bible Convention led by Rev Fr. George Panackal. The convention has been a blessing for all of us. We listened to the word of God and received God's healing touch. Congratulation to all of who you made use of this won-derful opportunity.

As we all know, October is the month of rosary and devotion to Mother Mary. The age old saying is "A family that prays together stays together". Our Konthanamaskaram and feast celebration is another occasion to receive the blessing of God through the intercession of Blessed Virgin Mary. As migrants or pravasis in this land, we have to face many challenges . Material blessings should increase our faith ; but very often the contrary happens. So the biggest challenge is the challenge against faith. Let us seek the protec-tion of the Blessed Virgin Mary by praying the rosary so that we may be a blessing to the people around us. Let us pray for an increase of faith.

**Wishing you a Happy Feast: The feast of the Mother of Perpetual Help**

*This is the day the Lord has made; let us rejoice and be glad in it (Psalms 118:24)*




The Syro Malabar Catholic Mission Auckland celebrated its annual feast on October 21st 2012 at Our Lady of the Sacred Heart Parish, Epsom, Auckland. The Church is dedicated to "Our Mother of Perpetual Help" and plays a vital role in the spiritual growth of the Syro Malabar Community in New Zealand along with preserving and encouraging the cultural and liturgical identity of the community.

As part of the feast celebrations, a two day retreat on October 4th and 5th was held. It was conducted by the renowned Divine Retreat Team led by **Rev Father George Panackal VC** . The retreat attracted thousands of people across New Zealand. The church also held Kontha Namaskaram along with Holy Qurbana, Solemn Rosary & Novena to Mother of Perpetual Help from October 11th to October 20th. Each day of the rosary was led by individual family prayer units. Special prayers were offered for the special intentions of individual families and people reiterated their faith and devotion to Mother Mary.

On the auspicious occasion of the Parish Feast , on October 21st, the Holy Qurbana was followed by Cultural Programme and Agape (Snehavirunnu). The Sunday School Students and parishioners put up an impressive performance and showcased their talents. The Main Celebrant and Chief Guest of the day was **Most Reverend Patrick Dunn, the Bishop of Auckland. The co-celebrants were Msgr Patrick Ward, Fr Peter Brown C.Ss.R, Fr Joseph Zacharias Cor Episcopa of the Orthodox Church, Fr Verghese VC, Fr Seejo CMI and Fr Joy Thottamkara C.Ss.R, the Parish Priest**. The Parish Committee, Sunday School Staff and Students along with Family Prayer Units and parishioners under the eminent leadership of Fr Joy worked together to ensure that the feast was celebrated with great pomp and glory. Many people took part in the celebrations and received the grace of Our Mother.

This is a brief outline about the life and missionary zeal of the Apostles of Jesus. The **year 4 students (Albin, Clement, Manuel, Igin, Jovel, Sherwin, Athira and George)** of the Sunday School have joined hands to compile this article for you.

As we all know, Jesus had 12 Apostles. They are:

**Simon (Peter), Andrew; James (Son of Zebedee), John, Philip, Bartholomew , Thomas , Matthew, James (Son of Alphaeus), Jude (Thaddaeus), Simon (The Zealot) and Matthias (who replaced Judas)**

In addition to the twelve apostles, the Bible depicts some ardent followers of Jesus who were as zealous as the 12 apostles in spreading the Kingdom of God. They are: **St Paul, St Barnabas, St Luke and St Mark.**

### Apostle Simon Peter




Apostle Peter was born in Betsaida (in Galilee,) By profession, he was a fisherman until he followed Jesus. So firm was Peter's faith that Jesus gave him the name of Cephas meaning rock. Peter is recorded more than any other disciple in the bible. He was at Jesus' side at the Transfiguration, the raising of Jairus' daughter, and the Agony of the Garden of Gethsemane. He played a major role in the events of the Passion. Although he denied Jesus three times during Jesus' journey to crucifixion, he repented and became a even more firm believer ready to lay down his life for Jesus. It was Peter who preached to the masses in Jerusalem on the day of Pentecost. He was crucified upside down by Emperor Nero while in Rome.



## Apostle Andrew

Andrew was the brother of Simon Peter and was a fisherman. He was at first the disciple of John the Baptist and when John pointed to Jesus as the Lamb of God, Andrew followed Jesus. Andrew went to Greece to preach the gospel. He is said to have been martyred by crucifixion at the city of Patras (Patræ) in Achaea He is said to have been put to death on a cross, to which he was tied, not nailed. He lived two days in that state of suffering, still preaching the message of Jesus to the people who gathered around him.



## Apostle James (Son of Zebedee)

Apostle James was the eldest brother of Apostle John. He is known as St James the Greater because there was another younger apostle by the same name. James, his brother John, Peter and Andrew were all partners in the fishing business before being called by Jesus. James was a prominent disciple and witnessed Jesus raising Jairus's daughter, was present at the time of Transfiguration of Jesus and at the Garden of Gethsmane (agony at the Garden). Apostle James is the patron of labourers and his feast day is on July 25th.



## Apostle John

St John, the son of Zebedee and the brother of Apostle James the Greater was called by Jesus to be his disciple. John soon became Jesus "beloved" disciple. He was the only disciple who did not forsake Jesus at the hour of his passion. John stood faithfully below the crucifix and Jesus entrusted John with his mother Mary. He is the author of Gospel by John and the Book of Revelation in the New Testament. He is the only disciple who is believed to have not been martyred and lived up to the age of 100 years.




## Apostle Philip

Christian traditions describe, Philip, as the apostle who preached in Greece, Syria and Phrygia. He was born in Bethsaida in Galilee . Philip was a prominent disciple of Jesus and Bible records him being present at the miracle of loaves and fish. According to belief, he was crucified at Hierapolis during the reign of Emperor Domitian. Philip figures most prominently in the Gospel of John. His feast day is on May 3rd.



## Apostle Bartholomew

Apostle Bartholomew was introduced to Jesus through Apostle Philip as per the Gospel of John (John 1: 43-51). He is referred to as Nathaniel and mentioned as Nathaniel of Cana in Galilee (John 21:2). It is believed that Apostle Bartholomew, in the company of Apostle Philip, went to Asia Minor and laboured in Hierapolis near Turkey.



## Apostle Thomas

Apostle Thomas is also known as Didymus or Twin. By trade, he was a fisherman until called by Jesus. He is best known for his role in verifying the resurrection of the Lord. His unwillingness to believe that the other apostles had seen the risen Lord earned him the title of Doubting Thomas. However, once he became convinced of the resurrection of the Lord he exclaimed, "My God and my Lord" thus making a public profession of his faith. He is known as the Apostle of India for preaching the gospel in India and attained martyrdom in India. His feast day is on July 3rd.




## Apostle Mathew

Apostle Mathew was also called Levi. By profession, he was a tax collector before being called by Jesus. It was while sitting at a tax collector's place at Capernaum that Jesus called Mathew to be his disciple. Mathew was a gifted writer, an ardent disciple and perhaps the most educated of the 12 Apostles. He is the author of the Gospel by Mathew in the New Testament.




## Apostle James (The Son of Alphaeus)

Apostle James also called James the Less was the younger brother of Apostle Mathew. He is the author of the first Catholic Epistle. According to the Catholic Tradition, he was the first Bishop of Jerusalem and was given the title of James the Just.



## Apostle Jude (Thadaaeus)

Apostle Jude is believed to be from the Jewish tribe of Judah. After the ascension of Jesus, Jude was one of the first disciples believed to have left to a foreign land to preach the gospel. Jude is believed to have evangelized the area of Armenia, Syria and northern Persia and said to have been martyred there. He is the author of the epistle to the Churches of the East and is the patron saint for desperate cases. His feast is celebrated on October 28th.




## Apostle Simon (The Zealot)

Apostle Simon (the Zealot) was surname as the Zealot for his rigid adherence to the Jewish and Cannanite law. The real beauty of this apostle's life lies in the fact that he was so actively zealous but yet remained unknown that Christ alone was known and remembered. To distinguish him from Simon Peter, he was called Kannanois or Kannanite.




## Apostle Matthias

Apostle Matthias was chosen to take the place of Judas of Kerioth after his betrayal of Jesus. It is believed that the apostles prayed and cast lots to discover the will of God and Matthias was thus chosen. He along with apostles Jude, Bartholomew, Simon the Zealot are credited by the Armenian tradition as the apostles who evangelized Armenia.




## St Paul

Saul of Tarsus aka Paul was not of the twelve apostles but a later convert. He is known as the Apostle of the Gentiles. The epistles written by him form a considerable part of the New Testament. Prior to his conversion, Paul was involved in the persecution of the early Christians. It was on his journey to Damascus to persecute the Christians that Jesus appeared to him and he was struck blind by the light. Three days later, his eyesight was restored by Ananias of Damascus and he began to preach the Kingdom of God. He suffered martyrdom in Rome and was beheaded by a sword by Emperor Nero.




## St Barnabas

Although not of the original twelve, Barnabas was referred to an apostle by the early church. Barnabas along with Paul was ordained and undertook their first missionary journey to Antioch. St Barnabas journey was mainly confined to Cyprus and Asian Minor. He is believed to have suffered death in Cyprus.




## St Luke

St Luke, the author of Gospel by Luke in the New Testament was a physician by trade. His writings make it very clear that he was a very learned man. He is said to have been a constant companion of St Paul. Luke's gospel shows special sensitivity to the evangelization of the Gentiles. He is the patron saint for physicians and surgeons.



## St Mark

St Mark was the nephew of St Barnabas and was an important figure during the Apostolic age. He is the author of the Gospel by Mark in the New Testament; St Paul being the source of his Gospel. It is believed that after the death of St Peter and St Paul, Mark left for Alexandria, a Greco Roman City with a large jewish population and was martyred there. His feast day is celebrated on April 25 and he is the patron saint for notaries.

## MOTHER I LOVE YOU

**M**um_you are like the sun
**O**utside and shines through
**T**he clouds, You always
**H**elp me in studies and sports
**E**ven when I am sad you cheer me up, I
**R**eally appreciate your awesome help

**I** want to tell you its the happy and

**L**ovely special and the best
**O**ccasion to thank you ,I have the
**V**ery best Mum in the whole
**E**ntire world and universe

**Y**ou are most special you're the
**O**nly mum I can trust ,You are the
**U**mbrella that protects me when it rains with pain.

**Jennifer Joseph**

# ജപമാലശക്തി

'റയിൻബോ'യുടെ ഈ ലക്കം ഒക്ടോബറിൽ പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചപ്പോൾതന്നെ 'ടീം റയിൻബോ'യ്ക്ക് ഇത്തവണത്തെ മുഖ്യ ആശയം എന്തായിരിക്കണമെന്ന് രണ്ടാമതൊന്ന് ആലോചിക്കേണ്ടിവന്നില്ല. കൊന്തമാസമായ ഒക്ടോബറിൽ ജപമാലശക്തിയേക്കുറിച്ചല്ലാതെ മറ്റെന്തിനെക്കുറിച്ച് പറഞ്ഞാലാണ് കൂടുതൽ അനുയോജ്യമാവുക? ജപമാലയെക്കുറിച്ച് എഴുതുവാനായി 'നെറ്റി'ൽ ഒന്നുപരതിയപ്പോൾ ഒരു കാര്യം മനസ്സിലായി- ജപമാലയെക്കുറിച്ച് ഇനി ഒന്നും എഴുതുവാൻ ബാക്കിയില്ല. മാർപ്പാപ്പമാർ മുതൽ പുണ്യവാന്മാർവരെ എത്രയോ മഹാത്മാക്കൾ ജപമാലയെക്കുറിച്ച് പറഞ്ഞ കാര്യങ്ങളാണ് ഇന്റർനെറ്റ് മുഴുവൻ. അതിൽ കൂടുതലായും പുതിയതായും എന്താണ് എഴുതേണ്ടത്? എന്താണ് പറയേണ്ടത്? അപ്പോൾ പിന്നെ ജപമാല വ്യക്തിപരമായി എന്നെ എപ്രകാരം സ്വാധീനിച്ചു എന്നെഴുതാമെന്നു തോന്നി.

ജപമാലഭക്തി അതിന്റെ ഏറ്റവും പൂർണ്ണതയിൽ അഭ്യസിച്ചിരുന്ന ഒരു കുടുംബത്തിൽ ജനിക്കാൻ കഴിഞ്ഞു എന്നത് തന്നെയാണ് ജപമാലയോടുള്ള പ്രതിപത്തി എന്നിൽ രൂഢമൂലമാകുവാൻ കാരണമായത് എന്നുള്ളതിൽ ഒട്ടും സംശയമില്ല. ഓർമ്മവച്ചനാൾമുതൽ, ഒരിക്കലും എന്റെ വീട്ടിൽ കുടുംബാംഗങ്ങളൊത്തൊരുമിച്ച് ജപമാല ചൊല്ലുന്നതിൽ മുടക്കം വരുത്തിയതായി ഞാൻ കണ്ടിട്ടില്ല. കൂടാതെ ജീവിതത്തിലെ പ്രതിസന്ധിഘട്ടങ്ങളിൽ മാതാവിലൂടെ ഈശോയിലേയ്ക്ക് എത്തുവാൻ ജപമാല എത്ര സഹായകമാകുമെന്ന തിരിച്ചറിവ് നൽകുവാൻ കുടുംബത്തിലെ ഈ പരിശീലനം ഏറെ സഹായിച്ചു. പഠനവുമായി ബന്ധപ്പെട്ട് 7 വർഷത്തോളം ഹോസ്റ്റലിൽ താമസിച്ച കാലഘട്ടത്തിലും ഒരിക്കൽപോലും മുടങ്ങാതെ ജപമാല ചൊല്ലുവാൻ എനിക്ക് സാധിച്ചത്, ജപമാലയുമായുള്ള വൈകാരികബന്ധം അതിനുമുമ്പേ ഉടലെടുത്തതുകൊണ്ടാണ് എന്നു വിശ്വസിക്കാനാണ് എനിക്കിഷ്ടം. പഠനത്തിൽ ഉന്നതവിജയം നേടുന്നതിനും, കൗമാരപ്രലോഭനങ്ങളെ ഫലപ്രദമായി നേടുന്നതിനും ഈ ജപമാലഭക്തി ഏറെ സഹായകമായി എന്നതും വിസ്മരിച്ചുകൂടാ.

ജോലിക്കായി ബോംബെ മഹാനഗരത്തിൽ ആയിരിക്കുമ്പോഴും, ഒറ്റമുറി ഫ്ളാറ്റിൽ 6 പേരുമായി 'ബാച്ച്ലർ ലൈഫ്' ആഘോഷിക്കുമ്പോഴും ജപമാലയെ കൈവിട്ടിരുന്നില്ല എന്നത് പുതുതലമുറയെ സംബന്ധിച്ചിടത്തോളം വിശ്വാസയോഗ്യമാകണമെന്നില്ല. അന്നൊരിക്കൽ ഞങ്ങളുടെ കോളജ് പ്രിൻസിപ്പലും പിന്നീട് CMI ജനറാളും ആയിരുന്ന മാത്യു ചാലിലച്ചൻ റോമിലേയ്ക്കുള്ള യാത്രാമദ്ധ്യേ ഞങ്ങളോടൊപ്പം ബോംബെയിൽ താമസിച്ചപ്പോൾ ജപമാല ചൊല്ലുന്ന ബാച്ചിലർ കൂട്ടത്തെകണ്ട് അത്ഭുതംകൂറി അഭിനന്ദിച്ചപ്പോൾ ശരിയ്ക്കും അഭിമാനം തോന്നിയത്, ചെറുപ്പത്തിൽത്തന്നെ, ജപമാല ദിനചര്യയുടെ ഭാഗമാക്കുവാൻ നിർബന്ധിച്ചിരുന്ന, മാതാപിതാക്കളെ ഓർത്താണ്.

വിവാഹജീവിതത്തിലേയ്ക്ക് പ്രവേശിച്ചപ്പോഴാകട്ടെ, എന്നെക്കാളിരട്ടിയായി ജപമാലയെ സ്നേഹിക്കുന്ന ഒരു ജീവിതപങ്കാളിയേയാണ് ദൈവം എനിയ്ക്കായി കരുതിവച്ചിരുന്നത്. കഴിഞ്ഞ 15 വർഷത്തെ ഞങ്ങളുടെ ജീവിതത്തിൽ ജപമാല മുടങ്ങിയ ദിവസങ്ങൾ വിരലിലെണ്ണാവുന്നവ മാത്രമാണെന്ന് അഭിമാനത്തോടെ എനിക്കു പറയാൻ കഴിയും.

15 വർഷത്തെ ബോംബെ ജീവിതത്തിനുശേഷം ഇവിടേയ്ക്കുള്ള പറിച്ചുനടീൽ തെറ്റായ ഒരു തീരുമാനമായിപ്പോയി എന്നുതോന്നിച്ച ന്യൂസിലാന്റിലെ ആദ്യകാലക്ലേശങ്ങൾ തരണം ചെയ്യുന്നതിന് ജപമാല എത്രമാത്രം സഹായിച്ചുവെന്ന് ഇന്നും നന്ദിയോടെ മാത്രമേ സ്മരിക്കാൻ കഴിയൂ. 'കരിയറി'ലും സമ്പത്തിലും ഉത്തുംഗ ശൃംഗങ്ങളിൽനിന്ന് അഗാധമായ ഗർത്തങ്ങളിലേയ്ക്ക് പതിയ്ക്കുമ്പോഴുണ്ടാകുന്ന, ആ അങ്കലാപ്പ് ന്യൂസിലാന്റിലെ മിക്കവാറും എല്ലാ പ്രവാസിയുടേയും ജീവിതത്തിന്റെ ഭാഗമാണെന്ന് തിരിച്ചറിയുവാനും അപ്പോഴും ദൈവത്തോടു ചേർന്നുനിൽക്കുവാനും കഴിഞ്ഞത് ജപമാല നൽകുന്ന ശക്തിയാൽ മാത്രമാണ്. 5 വർഷത്തിനുശേഷം ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ കൈപിടിച്ചുനടത്തുന്ന ദൈവസ്നേഹം അനുഭവിക്കുവാനും തിരിച്ചറിയുവാനും ഇടനൽകിയത് പരിശുദ്ധ അമ്മയോടുള്ള ഭക്തിയാണ് - ജപമാലയാണ് എന്നതിൽ തെല്ലും സംശയമില്ല. പലരും ശ്രമിച്ചിട്ടും വിജയം വരിക്കാതെ പോയ ഒരു മേഖലയിൽ വിജയിക്കുവാൻ ഞങ്ങളെ സഹായിച്ച 'ബിസിനസ് ട്രിക്ക്' ജപമാലയിലൂടെയുള്ള സമ്പൂർണ്ണസമർപ്പണമാണ് എന്നു വെളിപ്പെടുത്തുവാൻ എനിയ്ക്ക് ഒട്ടും മടിയില്ല.

നമ്മുടെ കുഞ്ഞുങ്ങളെ ഈ ജപമാലഭക്തി അഭ്യസിപ്പിക്കുക എന്നത് ഓരോ മാതാപിതാക്കളുടെ കടമയും ഉത്തരവാദിത്വവുമാണ്. സമ്പത്തും ഭൗതിക സാഹചര്യങ്ങളും മാത്രമല്ല പ്രതിസന്ധിഘട്ടങ്ങളിൽ പതറിപ്പോകാതെ പിടിച്ചുനിൽക്കാനുതകുന്ന ദൈവവിശ്വാസവും നമ്മുടെ കുഞ്ഞുങ്ങൾക്ക് പകർന്നു നൽകുന്നതിൽ നാം ഉത്സുകരായിരിക്കണം. അതിനുള്ള ഏറ്റവും എളുപ്പവഴികളിലൊന്നാണ് ജപമാലഭക്തി. നമ്മുടെ സൺഡേസ്കൂളും വിശ്വാസപരിശീലനവുമെല്ലാം ഈ ജപമാലഭക്തി കൂടുതൽ വളർത്തുവാൻ പര്യാപ്തമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**റജി ചാക്കോ**

തോമാച്ചേട്ടൻ വേഗത്തിൽ നടക്കുകയാണ്. ‘‘ഇനി പിന്നെ കൊന്ത ചൊല്ലാം.’’ കൈയിലുണ്ടായിരുന്ന തടിച്ച കൊന്ത കഴുത്തിലിട്ടു. ഭക്തിക്കൂടുതൽ കൊണ്ടൊന്നും അല്ല കൈയിൽ കൊന്തയും കൊണ്ട് നടക്കുന്നത്. ഇടവകയിലെ പ്രമാണിയാകാനുള്ള തന്ത്രങ്ങളിൽ ഒന്ന് അത്രമാത്രം.

തോമാച്ചേട്ടൻ എങ്ങോട്ടാണ് അതിരാവിലെ ഇത്രവേഗത്തിൽ നടക്കുന്നത് എന്നുനോക്കാം. രാവിലെ പള്ളിയിൽ പോകാനിറങ്ങിയതാണ്. വീട്ടിൽനിന്നും സാധാരണ ഭാര്യ തങ്കമ്മയും കൂടെകാണുന്നതാണ്. ഇന്ന് കെട്ടിച്ചുവിട്ട മകളും കുടുംബവും വന്നിരിക്കുന്നതുകൊണ്ട് ചേടത്തി പോന്നില്ല. അപ്പോഴാണ് പള്ളിയിലേക്കുള്ള വളവിൽ ഒരു ബോർഡ് കണ്ടത്. വെള്ള പെയ്ന്റടിച്ച ബോർഡിൽ കറുത്ത നിറത്തിലുള്ള ചെറിയ അക്ഷരങ്ങൾ. പോക്കറ്റിലുണ്ടായിരുന്ന കണ്ണാടിയെടുത്ത്വച്ച് തോമാച്ചേട്ടൻ അത് വായിച്ചു, ‘‘സ്വർഗ്ഗത്തിലേക്ക് ഒരു എളുപ്പവഴി’’ ബോർഡിന്റെ അരികിലൂടെ ഉള്ളിലേക്ക് ഒരു പുതിയ റോഡും വെട്ടിയിട്ടുണ്ട്. തോമാച്ചേട്ടൻ ചുറ്റും നോക്കി, ആരുമില്ല. ബോർഡിൽ എഴുതിയിരിക്കുന്നത് ഇതാണ്, ‘‘ഇതാ ഒരു സുവർണ്ണാവസരം. നിങ്ങൾ ഇതുവരെ ഭൂമിയിൽ ജീവിച്ചത് നല്ല മനുഷ്യനായിട്ടാണെങ്കിൽ, ഇനി ഭൂമിയിൽ നിർവ്വഹിക്കാൻ കടമകൾ ഒന്നും ബാക്കിയില്ലെങ്കിൽ, മടിക്കാതെ കടന്നുവരിക. സ്വർഗ്ഗവും അതിലെ സന്തോഷങ്ങളും ഇനി നിങ്ങൾക്കും കൂടിയുള്ളതാണ്.’’

N.B: ‘‘അഥവാ നിങ്ങൾ പാപിയാണെന്ന് തെളിഞ്ഞാൽ നരകത്തിലേക്ക് പോകേണ്ടിവരും. തീരുമാനം അന്തിമമായിരിക്കും. പ്രവേശനം 7 മണിക്ക് മുമ്പ് അകത്തുപ്രവേശിക്കുന്നവർക്ക് മാത്രം.’’ ‘‘ഇതൊരു കടുത്ത തീരുമാനമാണല്ലോ.’’ തോമാച്ചേട്ടൻ ഓർത്തു, ‘‘എന്തായാലും ഒരു കൈനോക്കാം. പിന്നെ നരകം, കാശുകൊടുത്താൽ ഇവിടെ എന്താണ് നടക്കാത്തത്.’’ അങ്ങിനെ 7 മണിക്ക് മുമ്പ് അങ്ങെത്താൻ വേണ്ടിയാണ് ചേട്ടൻ വേഗം നടക്കുന്നത്. ഇനി വെറും 10 മിനിട്ടേയുള്ളൂ. കുറച്ച് ചെന്നപ്പോൾ പച്ച പെയ്ന്റടിച്ച ഒരു കൂറ്റൻ ഗേറ്റ്, ആകാശം മുട്ടുന്ന ഉയരമാണതിന്. ഒരു ബോർഡും തൂക്കിയിട്ടിട്ടുണ്ട്. ‘‘സ്വാഗതം, ഇതിനകത്തേക്ക് കയറിക്കഴിഞ്ഞാൽ തിരിച്ചുപോക്കില്ല. അയോഗ്യരായവർക്ക് തിരിച്ചുപോകാം.’’ തോമാച്ചേട്ടൻ മനസിൽ വിചാരിച്ചു ‘‘തന്നെക്കാൾ യോഗ്യതയുള്ളവർ ആരുണ്ട് ഈ ഇടവകയിൽ. എല്ലാദിവസവും പള്ളിയിൽ പോകും, ദശാംശം കൊടുക്കുന്നുണ്ട്, അനാഥാലയങ്ങൾക്ക് സംഭാവന കൊടുക്കാറുണ്ട്, കൂടാതെ സദ്യകൾ വയ്ക്കുമ്പോൾ മിച്ചംവരുന്ന ചോറും കറികളും കൊടുക്കാറുണ്ട്. സ്വൽപ്പം ഉറക്കംതൂങ്ങിയാണെങ്കിലും സന്ധ്യാപ്രാർത്ഥന ചൊല്ലാറുണ്ട്. പിന്നെ മദ്യപിക്കില്ല, പുകവലിക്കില്ല, സ്ത്രീവിഷയത്തിൽ താത്പര്യം ഇല്ല. ഇത്രയൊക്കെ പോരെ സ്വർഗ്ഗത്തിലേക്ക് അഡ്മിഷൻ കിട്ടാൻ.’’

തോമാച്ചേട്ടൻ ഗേറ്റ് തള്ളിത്തുറന്ന് അകത്തേയ്ക്ക് പ്രവേശിച്ചു. ഓ, എന്തൊരു സുഖമുള്ള കുളിര്, ഇവിടെ ഇതാണ് സ്ഥിതിയെങ്കിൽ സ്വർഗ്ഗത്തിനകത്ത് എത്ര സുഖമായിരിക്കും. പെട്ടെന്ന് ഒരുവശത്ത്നിന്ന് ചൂട് കാറ്റടിച്ചു. തോമാച്ചേട്ടൻ ആകെ വിയർത്തുപോയി. കർത്താവേ, അതായിരിക്കും നരകം. ഏതായാലും തോമാച്ചേട്ടൻ അകത്തുകയറി അതാ, മറ്റൊരു വാതിൽ അത് തനിയേ തുറന്നു, തോമാച്ചേട്ടനെ ഏതോ ഒരു ശക്തി ഉള്ളിലേക്ക് വലിച്ചു. അതാ, കൗണ്ടറിൽ ഒരാൾ. നെയിംപ്ലേറ്റിലെഴുതിയിരിക്കുന്ന പേര് ചേട്ടൻ വായിച്ചു. Mr. Rappael സ്വർഗ്ഗത്തിലേക്കുള്ള എളുപ്പവഴിയിലെ ഭൂമിയിലെ ഏജന്റ്. അപേക്ഷകൾ ഇവിടെ പൂരിപ്പിക്കുക. തോമാച്ചേട്ടൻ അടുത്തുചെന്നു. റപ്പായേൽ മാലാഖയേ, എനിക്കൊരു അപേക്ഷാഫോറം വേണം. അയാൾ തോമാച്ചേട്ടനെ സൂക്ഷിച്ചൊന്നുനോക്കി, എന്നിട്ടുപറഞ്ഞു: ‘‘ഞാൻ മാലാഖയല്ല’’ ഓ, ശരിയാണ് ഇയാൾക്ക് ചിറകുകൾ ഇല്ലല്ലോ. ‘‘ശരി, എന്നാൽ റപ്പായേൽ സാറേ, എനിക്കും സ്വർഗ്ഗത്തിൽ പോകണം.’’ ഫോറം വാങ്ങി അയാളുടെ കൈയ്യിൽനിന്നും ഒരു പേനയും വാങ്ങി തോമാച്ചേട്ടൻ പൂരിപ്പിക്കാൻ തുടങ്ങി. വല്യപ്പന്റെ അപ്പന്റെ പേര് എന്താണോ അറിയില്ല, ഏതായാലും അറിയാവുന്നതൊക്കെ എഴുതിയാൽ മതിയെന്ന് Form ന്റെ ഒടുവിൽ എഴുതിയിട്ടുണ്ട്.

കുടുംബം, ജോലി, സ്വഭാവം, കൈയ്യിലിരിപ്പ്, മനസിലിരിപ്പ് എല്ലാത്തിനെപ്പറ്റിയും ചോദിച്ചിട്ടുണ്ട്. എല്ലാം ഒരുവിധം പൂരിപ്പിച്ചെന്ന് വരുത്തി, ഫോറം റപ്പായേൽസാറിനെ ഏൽപ്പിച്ചു. അത് വായിച്ചുനോക്കി റപ്പായേൽ ഒന്ന് ചിരിച്ച്, ബഹുമാനത്തോടെ പറഞ്ഞു: ‘‘ഓ, അങ്ങ് ഒരു പുണ്യവാളനാണല്ലോ. ഇത് ഇപ്പോൾത്തന്നെ അയച്ചേക്കാം.’’ ഫോറം സ്കാൻ ചെയ്ത് അയക്കുന്നത് തോമാച്ചേട്ടൻ നോക്കിനിന്നു. ‘‘താങ്കൾ അടുത്തമുറിയിൽ വിശ്രമിച്ചോളൂ. സമയം ആകുമ്പോൾ വിളിക്കാം. പിന്നെ ദാ, ആ കാണുന്ന മുറിയിൽ ചായയും കാപ്പിയും കിട്ടുന്ന മെഷീൻ ഉണ്ട്’’ ‘‘പക്ഷേ എന്റെ കൈയ്യിൽ ചില്ലറയില്ലല്ലോ.’’ കഴുത്തിൽകിടന്ന കൊന്തയിലെ ക്രൂശിതരൂപത്തിൽ തഴുകിക്കൊണ്ട് തോമാച്ചേട്ടൻ പറഞ്ഞു. ‘‘സാരമില്ല, ഇവിടെ ചായയും കാപ്പിയും ഫ്രീയാണ്. തോമാച്ചേട്ടൻ ചെന്നോളൂ.’’

ചായയും എടുത്ത് തോമാച്ചേട്ടൻ വിശ്രമമുറിയിലേക്ക് നടന്നു. അകത്തേയ്ക്ക്വച്ച കാൽ ചേട്ടൻ പെട്ടെന്ന് പുറകോട്ട് വലിച്ചു. ''ദൈവമേ, ഇത് നരകത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർ താമസിക്കുന്ന മുറിയാണെന്ന് തോന്നുന്നു. നാട്ടിലെ അറിയപ്പെടുന്ന ഗുണ്ടയും കൊലപാതകിയുമായ കുഞ്ഞുമോനല്ലേ അത്. ജയിലിൽനിന്ന് ഇറങ്ങിയിട്ട് അധികം നാളായില്ല. അടുത്തുനിന്ന് സംസാരിക്കുന്നത് അന്തോണിയുടെ ഭാര്യ റോസമ്മ, എന്തു ചെയ്യാം, അന്തോണി മരിച്ചതിൽപ്പിന്നെ ആകെ വഴിപിഴച്ചുപോയി. ഇപ്പോൾ അവളെയും പിള്ളേരെം ആരും വീട്ടിൽ കയറ്റത്തില്ല. പിന്നെയും ആരൊക്കെയോ ഉണ്ട്.'' തോമാച്ചേട്ടൻ തിരികെ നടന്നു റപ്പായേലിന്റെ അടുത്തേക്ക്. ''സാറെ കാണിച്ചുതന്ന മുറി മാറിപ്പോയി'' ''ഇല്ല തോമാച്ചേട്ടാ ആകെ ഒരു മുറിയേ ഉള്ളൂ. അവരെല്ലാം സ്വർഗ്ഗത്തിലേക്ക് ഫോറം പൂരിപ്പിച്ചവരാണ്.'' ''കഷ്ടം ആ റോസയ്ക്കും കുഞ്ഞുമോനും ഇതിന്റെ വല്ല ആവശ്യവും ഉണ്ടായിരുന്നോ. കുറച്ചുകാലം കൂടി ഭൂമിയിൽ ജീവിക്കാമായിരുന്നു. ഇനി അവർ നരകത്തിലേക്ക് പോകുന്നതും കൂടി കാണേണ്ടിവരുമല്ലോ ദൈവമേ'' തോമാച്ചേട്ടന് സങ്കടം തോന്നി. തോമാച്ചേട്ടനെ കണ്ടതും അവർ ഓടിവന്നു. ''ഇതാര് തോമാച്ചായനോ, കണ്ടിട്ട് വർഷങ്ങൾ ആയല്ലോ'' മറുപടി പറയുംമുമ്പ് അറിയിപ്പ് വന്നു. ''നിങ്ങളുടെ അപേക്ഷകൾ പരിശോധിച്ചുകഴിഞ്ഞു, കൂടാതെ ഞങ്ങളുടെ റിക്കോർഡുകളും കൂടി പരിശോധിച്ച് തീരുമാനം ഉടനെ അറിയിക്കുന്നതായിരിക്കും.''

തോമാച്ചേട്ടൻ സമയം കളയാതെ, കൊന്തയുരുട്ടാൻ തുടങ്ങി. ''അറിയിപ്പ്''. തോമാച്ചേട്ടൻ പ്രാർത്ഥന നിർത്തി. സ്വർഗ്ഗത്തിലേക്ക് അഡ്മിഷൻ കിട്ടിയവരുടെ പേരുകൾ വായിക്കുന്നു. അവറാൻ മകൻ പൗലോസ്കുട്ടി, ബാബു മകൾ ലിസമ്മ, വർക്കി മകൻ കുഞ്ഞുമോൻ, അന്തോണിയുടെ ഭാര്യ റോസമ്മ, പിന്നെയും കുറെ പേരുകൾ. ഇതാ അവസാനത്തെ ആളുടെ പേര് വായിക്കാൻ പോകുന്നു. തോമാച്ചേട്ടൻ മുമ്പോട്ട്നീങ്ങി. ഇതാ തന്റെ പേര് വിളിക്കാൻ പോകുന്നു. അറിയിപ്പ്കാരൻ തന്റെ മുഴക്കമുള്ള ശബ്ദത്തിൽ തുടർന്നു, ചാക്കോയുടെ ഭാര്യ ലില്ലിക്കുട്ടി.

തോമാച്ചേട്ടന് ഒന്നും മനസ്സിലായില്ല. ഇനി നരകത്തിലേക്കുള്ള പേരുകളാണോ ആദ്യം വായിച്ചത്. അതാകാൻ വഴിയില്ല, പേര് വിളിച്ചവർ സന്തോഷത്തോടെ തുള്ളിച്ചാടുന്നത് ഞാൻ കണ്ടതാണല്ലോ. തോമാച്ചേട്ടൻ റപ്പായേലിന്റെ അടുത്തെത്തി. ''സാറെ അവർക്ക് തെറ്റ് പറ്റി, എന്റെ പേര് വിളിക്കാൻ വിട്ടുപോയി. ഞാനും സ്വർഗ്ഗത്തിലേക്കാണ്.'' റപ്പായേൽസാർ രേഖകൾ പരിശോധിച്ചതിന് ശേഷം പറഞ്ഞു. ''തോമാച്ചേട്ടാ സ്വർഗ്ഗത്തിന് ഒരിക്കലും തെറ്റുപറ്റുകയില്ല'' തോമാച്ചേട്ടന് വല്ലാത്ത സങ്കടവും ദേഷ്യവും തോന്നി. ''ഇല്ല ഈ വിധി ഞാൻ സമ്മതിക്കുകയില്ല. പാപികളായ റോസയും കുഞ്ഞുമോനും സ്വർഗ്ഗത്തിലും മദ്യപിക്കുക പോലുമില്ലാത്ത ഞാൻ നരകത്തിലും'' ''എനിക്കൊന്നും അറിയില്ല, ഞാൻ ഭൂമിയിലെ ഏജന്റ് മാത്രമാണ്.'' റപ്പായേൽസാർ നിസഹായനായി പറഞ്ഞു. അപ്പോൾ ഇടിമുഴക്കം പോലെ ഒരു ശബ്ദം കേട്ടു. ''തോമായേ, നിന്റെ സംശയങ്ങൾ എന്നോട് ചോദിക്കുക.'' ശബ്ദം കേട്ടിടത്തേയ്ക്ക് തോമാച്ചേട്ടൻ നോക്കി. വെളുത്ത പുകപടലങ്ങൾ അതിൽ വെള്ളവസ്ത്രം ധരിച്ച ഒരാൾ, ശക്തമായ പ്രകാശത്തിൽ വ്യക്തമായി കാണാനും പറ്റുന്നില്ല. ''ഞാൻ റഫായേൽ, നിന്റെ സംശയങ്ങൾ തീർക്കാൻ സ്വർഗ്ഗം നിയോഗിച്ചതാണ് എന്നെ'' ''റപ്പായേൽ സാറേ, അല്ല മാലാഖയെ, ഇവിടെ എന്തോ തിരിമറി നടന്നിരിക്കുന്നു. അല്ലെങ്കിലും റോസയുടെ ചിരിയിൽ ആരും വീണുപോകും'' തോമാച്ചേട്ടൻ ഒറ്റശ്വാസത്തിൽ പറഞ്ഞ് നിർത്തി. ''നിൽക്കൂ, വിധിക്കാൻ വരട്ടെ, അതിനുമുൻപ് എനിക്ക് റോസമ്മയെയും കുഞ്ഞുമോനെയും കാണണം. കുറച്ച് ചോദ്യങ്ങൾ ചോദിക്കാനുണ്ട്'' റഫായേൽ മാലാഖയുടെ സ്വരത്തിൽ വല്ലാത്ത സൗമ്യത. റോസ വന്നു, തലയുംകുനിച്ച്, റഫായേൽ മാലാഖയുടെ മുമ്പിൽ നിന്നു. ''മകളേ, നീ പ്രധാനപ്പെട്ട കല്പനകൾ പലതും തെറ്റിച്ചിട്ടുണ്ട്. ആ തെറ്റുകളിലേക്ക് നിന്നെ നയിച്ച കാരണം എന്തായിരുന്നു.'' മാലാഖ ചോദിച്ചു. ''എന്നോട് പൊറുക്കണം ഞാൻ പാപിയാണ്.'' കണ്ണീർ തുടച്ചുകൊണ്ട് അവൾ തുടർന്നു, ''എന്റെയും അന്തോണിച്ചന്റെയും ജീവിതം സ്വർഗ്ഗതുല്യമായിരുന്നു.

ഒരുദിവസം അദ്ദേഹത്തെ, ഈ നിൽക്കുന്ന തോമാച്ചായൻ സ്വന്തം ബാറിലേക്ക് കൊണ്ടുപോയി സൽക്കരിച്ചു. ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥനായ എന്റെ ഭർത്താവിനെക്കൊണ്ട് കാര്യസാധ്യത്തിനായും നന്ദിപ്രകടിപ്പിക്കാൻ വേണ്ടിയും, വീണ്ടും വീണ്ടും അദ്ദേഹത്തെ ബാറിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നു. അങ്ങനെ മുഴുക്കുടിയനായി മാറിയ അദ്ദേഹത്തിന്റെ ജോലി പോയി, ഞങ്ങളുടെ ജീവിതം നരകതുല്യമായി, അവസാനം കരൾരോഗത്തിന് വേണ്ട ചികിത്സ കിട്ടാതെ അദ്ദേഹം ഈ ലോകത്തോട് വിടപറഞ്ഞു. ഞങ്ങളുടെ കുഞ്ഞുങ്ങളെപ്പോറ്റാൻ, തെറ്റായ മാർഗ്ഗത്തിലൂടെ നടക്കേണ്ടിവന്നു എനിക്ക്. പതുക്കെ പണത്തിന്റെ ധാരാളിത്തത്തിൽ ഞാനും മുങ്ങിപ്പോയി. അവസാനം മാരകരോഗം ബാധിച്ച് ആശുപത്രിയിലായ എന്നോട്, എന്നെ പരിചരിച്ച നേഴ്സാണ് ദൈവസ്നേഹത്തെപ്പറ്റി പറഞ്ഞുതന്നത്. നല്ല കുമ്പസാരം നടത്തി കർത്താവിലേക്ക് തിരിച്ചുവരാൻ അവരെന്നെ സഹായിച്ചു. വളരെക്കാലം കൂടി ഞാൻ സമാധാനം എന്തെന്നറിഞ്ഞു. എന്റെ കുഞ്ഞുങ്ങളെ ശരണാലയത്തിലേയ്ക്ക് ദത്തെടുത്തു. പാപിയായ ഈ അമ്മയുടെ ഭൂതകാലം അവരെ വേട്ടയാടാതിരിക്കട്ടെ. ഇനി ഭൂമിയിൽ ഒന്നും ചെയ്യാനില്ലാത്ത ഞാൻ എന്റെ കർത്താവിലേക്ക് എന്നേയ്ക്കുമായി തിരിച്ചെത്തി'' അവൾ പറഞ്ഞുനിർത്തി. മാലാഖ തോമാച്ചേട്ടനെ ഒന്ന് നോക്കി, അവൾ പറഞ്ഞതൊക്കെ സത്യമാണല്ലോ, തോമാച്ചേട്ടൻ നിന്ന് പരുങ്ങി. മാലാഖയുടെ നോട്ടത്തിന്റെ അർത്ഥം മനസിലായ കുഞ്ഞുമോനും സ്വന്തം കഥപറയാൻ തുടങ്ങി.

''എനിക്ക് 15 വയസ്സുള്ളപ്പോൾ അമ്മ എന്നെ സോപ്പ് മേടിക്കാൻ അടുത്തുള്ള മുറുക്കാൻകടയിൽ വിട്ടു. ബാക്കി ചില്ലറ തരുന്നതിനു പകരം കടക്കാരൻ എനിക്ക് തന്നത് പാൻപരാഗ് ആയിരുന്നു. 'മോനേ നീയിതൊന്ന് വായിലിട്ടുനോക്ക്' അതിന്റെ രുചി എനിക്കിഷ്ടമായി. വീണ്ടും ഉപയോഗിക്കണം എന്ന്തോന്നി. വീട്ടിൽ ചോദിച്ചാൽ കിട്ടില്ല. അതിനാൽ, ചില്ലറകൾ മോഷ്ടിച്ചുതുടങ്ങി. പാൻപരാഗ് മാറി കഞ്ചാവും, പിന്നെ Drugs ഉം ആയി. ഇതൊക്കെ വാങ്ങാനുള്ള പൈസയുണ്ടാക്കുന്ന തത്രപ്പാടിൽ ആണ് തെറ്റായ കൂട്ട്കെട്ടിൽ എത്തിയത്. അങ്ങനെ ഗുണ്ടാസംഘത്തിൽ അംഗമായി, പിന്നെ അതിന്റെ തലവനായി. മറ്റുള്ളവരെ ഉപദ്രവിക്കുന്നതും, ലഹരിമരുന്നുകളുടെ ഉപയോഗവും വിതരണവും. ധാരാളം പണം, കൂടെ എന്തിനും തയ്യാറായി കൂട്ടുകാരും. അങ്ങനെ ഒരുദിവസം നടന്ന കത്തിക്കുത്തിൽ സാരമായി പരുക്കേറ്റ ഞാൻ ആശുപത്രിയിലായി. ICU യിൽ മരിക്കാറായിക്കിടന്ന എന്നെക്കാണാൻ വന്ന ജോസച്ചനാണ് കർത്താവിന്റെ കരുണയെപ്പറ്റിയും സ്നേഹത്തെപ്പറ്റിയും എന്നെ ഓർമ്മിപ്പിച്ചത്. തെറ്റുകൾ ഏറ്റുപറഞ്ഞ് നല്ലകുമ്പസാരം നടത്തി ഒരുങ്ങിയ എന്നെ ആശുപത്രിക്കാർ തന്നെയാണ് ഇവിടെയെത്തിച്ചത്.'' പശ്ചാത്താപത്തോടെ അയാൾ പറഞ്ഞുനിർത്തി. ''ആകട്ടെ അന്ന് ആദ്യമായി ലഹരി കഴിക്കാൻ നിന്നെ പ്രേരിപ്പിച്ച വ്യക്തിയെ നിനക്കോർമ്മയുണ്ടോ?'' മാലാഖ ചോദിച്ചു. ''ഉവ്വ്, അന്ന് മുറുക്കാൻകട നടത്തിയിരുന്ന അയാൾ വലിയ സമ്പന്നനായി, ടൗണിൽ ധാരാളം Bar attached Restaurants, ഷോപ്പിംങ് സെന്ററുകൾ, തീയറ്ററുകൾ എല്ലാം അയാൾക്കുണ്ട്. എനിക്കയാളോട് പരാതിയില്ല. ദൈവനാമത്തിൽ ഞാനെല്ലാം ക്ഷമിക്കുന്നു.'' തോമാച്ചേട്ടൻ അപമാനഭാരത്തോടെ, പശ്ചാത്താപത്തോടെ തലകുനിച്ചു. ആ മുറുക്കാൻകടക്കാരൻ മറ്റാരുമല്ല താൻ തന്നെയാണ്. താൻ മദ്യപിച്ചില്ല, ലഹരി ഉപയോഗിച്ചില്ല. പക്ഷേ അത് വിറ്റ് മറ്റുള്ളവരെ തെറ്റിലേക്ക് നയിച്ചു. അവരുടെ നാശത്തിന് താൻ കാരണമായി. അങ്ങനെയുണ്ടാക്കിയ പണം, ദാനധർമ്മങ്ങൾ ചെയ്ത് ദൈവത്തെ കൈയിലെടുക്കാമെന്ന് കരുതി. ഇനിയും എത്രയോപേർക്ക് ഇതിന് സമാനമായ കഥകൾ പറയാനുണ്ടാകും. താൻ മഹാപാപിയാണ്. തോമാച്ചേട്ടൻ മുട്ടിന്മേൽ വീണു. ''മാലാഖയേ എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ.'' റോസമ്മയെയും കുഞ്ഞുമോനെയും നോക്കി തോമാച്ചേട്ടൻ കരഞ്ഞുകൊണ്ട പറഞ്ഞു: ''എന്നോട് ക്ഷമിക്കണെ.''

കാര്യങ്ങൾക്ക് തീരുമാനമായപ്പോൾ Mr. Rappael -ന് ആശ്വാസമായി. ഭൂമിയിലെ ആദ്യത്തെ റിക്രൂട്ട്മെന്റ് പാളിപ്പോയില്ലല്ലോ.

''സ്വർഗ്ഗത്തിലേക്കുള്ളവർ ഈ സ്വർണ്ണവാതിലിലൂടെ അകത്തേയ്ക്ക് പ്രവേശിക്കുക'' അറിയിപ്പ് വീണ്ടും മുഴങ്ങി.

അതാ നരകത്തിലേക്കുള്ളവരെ കൊണ്ടുപോകാൻ സാത്താനും എത്തിക്കഴിഞ്ഞു. ഓരോരുത്തരെയായി സാത്താൻ അകത്തേയ്ക്ക് തള്ളുന്നു, വളരെ സന്തോഷത്തോടെ. തോമാച്ചേട്ടന്റെ ഊഴമായപ്പോൾ പെട്ടെന്ന് ഒരു അശരീരി, ''വർക്കി മകൻ തോമാ... സ്വർഗ്ഗം നിനക്ക് ഒരവസരം കൂടി തന്നിരിക്കുന്നു. അതിന് കാരണം നിന്റെ ഭാര്യയുടെ കാരുണ്യപ്രവൃത്തികളാണ്. നീയറിയാതെ അവൾ അയൽപക്കത്തെ ദേവസിയുടെ കുടുംബത്തെ സഹായിച്ചിരുന്നു. ആ സഹായം കൂടി ഇല്ലായിരുന്നെങ്കിൽ അവർ കൂട്ട ആത്മഹത്യ ചെയ്യുമായിരുന്നു.''

''ശരിയാണ് അവരെ സഹായിച്ചാൽ ആരറിയാനാണ്. മറ്റുള്ളവരെ അറിയിച്ച് ദാനം ചെയ്യുന്നതിലായിരുന്നു തന്റെ ശ്രദ്ധ'' തോമാച്ചേട്ടൻ ഓർത്തു. ''തന്നെയുമല്ല അവൻ തന്നെ തീരെ വകവച്ചിരുന്നില്ല.''

സാത്താന് ഈ അറിയിപ്പ് തീരെ പിടിച്ചില്ല. എത്ര കഷ്ടപ്പെട്ടാണ് കുറച്ചുപേരെ നരകത്തിലേക്ക് ഒപ്പിച്ചത്. ഇനിയിപ്പോൾ ഇയാളെ വിട്ടുകൊടുത്തേ പറ്റുകയുള്ളൂ. ''പോയിട്ട് ഇങ്ങോട്ടുതന്നെ തിരിച്ചുവരണം'' എന്നാക്രോശിച്ച് ഒരു തള്ള് കൊടുത്തു സാത്താൻ.

''അയ്യോ അമ്മേ'' എന്ന നിലവിളി കേട്ടാണ് എല്ലാവരും ഓടിവന്നത്. തങ്കമ്മച്ചേടത്തി ചോദിച്ചു, ''എന്തുപറ്റി നിങ്ങൾക്ക്, ആരോ തള്ളിയിട്ടപോലെ'' എല്ലാവരും കൂടി തോമാച്ചേട്ടനെ പിടിച്ച് എഴുന്നേൽപ്പിച്ച് കട്ടിലിൽ ഇരുത്തി. തോമാച്ചേട്ടൻ ചുറ്റും നോക്കി, എവിടെ സാത്താൻ, എവിടെ സ്വർഗ്ഗം. ''അപ്പച്ചാ, എന്തുപറ്റി സ്വപ്നം കണ്ടോ'' ജോണിക്കുട്ടി ചോദിച്ചു. ''നിങ്ങൾ നല്ല ഉറക്കമായിരുന്നു. വിളിച്ചിട്ട് എഴുന്നേറ്റില്ല. അതുകൊണ്ട് ഞാൻ തനിയെ പള്ളിയിൽ പോയി'' തങ്കമ്മച്ചേടത്തി കൈയ്യിലിരുന്ന കൊന്തയും കുർബാനപ്പുസ്തകവും മേശപ്പുറത്ത് വച്ചു.

ജോണിക്കുട്ടി പറഞ്ഞു: ''അപ്പച്ചാ, ഇന്നല്ലേ നമ്മുടെ ബാറിലേക്ക് ടെൻഡർ വിളിക്കുന്നത്, നേരത്തെ ടൗണിൽ എത്തണം, വല്ലതും കൊടുത്ത് കാര്യം നേരത്തെ ഉറപ്പാക്കണം, അല്ലെങ്കിൽ വേറെ ആരെങ്കിലും കൊണ്ടുപൊകും''

തോമാച്ചേട്ടൻ അപ്പോഴും ആലോചനയിലായിരുന്നു. ‘‘അപ്പച്ചൻ എന്താ ഒന്നും മിണ്ടാത്തത്’’ ജോണിക്കുട്ടിക്ക് എന്തോ പന്തികേട് തോന്നി. സാധാരണ ഇത്തരം കാര്യങ്ങളിൽ അപ്പച്ചനാണ് മുൻകൈയെടുക്കുന്നത്. ‘‘മോനേ ജോണിക്കുട്ടീ, ആ ടെൻഡർ നമ്മൾ പിടിക്കുന്നില്ല’’. ‘‘അയ്യോ അപ്പോൾ നമ്മുടെ ബാറുകൾ പൂട്ടിപ്പോവുമല്ലോ’’ ജോണിക്കുട്ടിക്ക് ഒന്നും മനസിലായില്ല. ‘‘അതെ മകനേ, നമ്മൾ കള്ള്കച്ചവടം നിർത്തുന്നു, അതുപോലെ പാൻപരാഗ് തുടങ്ങി എല്ലാ ലഹരിവസ്തുക്കളും നമ്മുടെ കടകളിൽനിന്ന് എടുത്തുമാറ്റണം. ഇത്രയുംനാൾ നമ്മൾ മറ്റുള്ളവരെ തെറ്റിലേക്ക് നയിക്കുകയായിരുന്നു. നമുക്കത് തിരുത്തണം’’

‘‘എന്റെ കർത്താവേ, ഇപ്പോളെങ്കിലും ഇങ്ങേർക്ക് നല്ലബുദ്ധി തോന്നിയല്ലോ.’’ തങ്കമ്മച്ചേടത്തിയുടെ ആത്മഗതം. പിറ്റേദിവസം ഞായറാഴ്ച കുർബാനയ്ക്ക് തങ്കമ്മച്ചേടത്തിയുമൊത്ത് പള്ളിയിലേക്ക് പോകുംവഴി, ശരണാലയം നടത്തുന്നവരുടെ കൂടെ പുതിയ രണ്ട് കുട്ടികളെക്കൂടി കണ്ടു. ‘‘അത് ആ അശറെ വന്നുമരിച്ച റോസയുടെ കുട്ടികളാണ്, പൊന്നുപോലെയാ, അവരെ അവർ നോക്കുന്നത്’’ തങ്കമ്മച്ചേടത്തി പറഞ്ഞു. പള്ളിയിൽ ഒരു മരിച്ചടക്ക് നടക്കുന്നല്ലോ, പാട്ട് കേൾക്കുന്നു. എതിരെ വന്ന യുവാവിനോട് തോമാച്ചേട്ടൻ ചോദിച്ചു: ‘‘ആരാ മരിച്ചത്?’’ ‘‘അത് ആ ഗുണ്ട കുഞ്ഞുമോനാ, കത്തിക്കുത്തിൽ പരിക്കേറ്റ് ആശുപത്രിയിൽ ആയിരുന്നു. ഇന്നലെ രാത്രി മരിച്ചു. നമ്മുടെ വികാരിയച്ചൻ അന്ത്യകൂദാശ കൊടുക്കാൻ ആശുപത്രിയിൽ പോയിരുന്നു’’

പള്ളിയിൽ കയറി മുട്ടുകുത്തി കുരിശുവരച്ച് അൾത്താരയിലേക്ക് നോക്കിയ തോമാച്ചേട്ടൻ കണ്ടത്, പുഞ്ചിരിയോടെ നടന്നുമറയുന്ന റോസയെയും കുഞ്ഞുമോനെയും ആണ്. കണ്ണുതിരുമ്മി നോക്കിയപ്പോൾ ക്രൂശിതരൂപത്തിൽ കിടക്കുന്ന ക്രിസ്തുവിന്റെ ചുണ്ടിലും ഒരു മന്ദഹാസം. അത് തോമാച്ചേട്ടന്റെ മനസിനെ കുളിരണിയിച്ചു.

ഓ, വികാരിയച്ചൻ സുവിശേഷം വായിക്കുന്നു. വി.മത്തായി എഴുതിയ സുവിശേഷം 18-ാം അദ്ധ്യായം, ‘‘എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവന് ദുഷ്പ്രേരണ നൽകുന്നവൻ ആരായാലും അവന് കൂടുതൽ നല്ലത് കഴുത്തിൽ ഒരുവലിയ തിരികല്ല് കെട്ടി കടലിന്റെ ആഴത്തിൽ താഴ്ത്തപ്പെടുകയായിരിക്കും.’’

തോമാച്ചേട്ടൻ മൗനമായി പ്രാർത്ഥിച്ചു. ‘‘കർത്താവേ, ഇപ്പോൾ എനിക്കെല്ലാം മനസിലായി.’’ കുർബാന കഴിഞ്ഞ് പുറത്തിറങ്ങിയ തോമാച്ചേട്ടൻ ദേവസിയോട് രഹസ്യമായി പറഞ്ഞു: ‘‘ദേവസി, പണമില്ലാതെ നിന്റെ മകളുടെ കല്യാണം മുടങ്ങാൻ പോകുന്നെന്ന് കേട്ടു. പണം ഞാൻ തരാം. ഇന്ന് നിന്റെ വീട്ടിലേക്ക് ഞാൻ വരുന്നുണ്ട്.’’ ദേവസ്സിച്ചേട്ടന് കണ്ണുനിറഞ്ഞതല്ലാതെ ഒന്നുംപറയാൻ കിട്ടിയില്ല. പുഞ്ചിരിക്കുന്ന റോസയുടെയും കുഞ്ഞുമോന്റെയും മുഖം ഒരിക്കൽക്കൂടി തോമാച്ചേട്ടന്റെ മനസിൽ മിന്നിമറഞ്ഞു.

**മേരിക്കുട്ടി സെബാസ്റ്റ്യൻ**

## God’s Family

Team Rainbow proudly presents “God’s Family”, a new concept that acknowledges the selfless contributions made by some eminent parishioners and their families to the parish and the community; thereby, exemplifying the Christian Way of Life through their services.

**We start with Anu Varghese and Family:** “Anu”, a native of Changanacherry, Kerala came to NZ in 2009. Since then he has been actively involved in the service of the parish. He was the catechism teacher to year 10 students and played a pivotal role in the conduct of the Annual Bible Quiz and Sunday School Activities. Through this issue, Anu shares his life experiences and how God miraculously intervened in his life giving him the zeal to move ahead in life.

Let this serve as an inspiration to all of us to be firm in our faith .

# GOD IS GOOD - ALL THE TIME



Yes. I would say "God is good –all the time. All the time- God is good."

I come from a traditional Catholic family and was actively involved in the parish activities during my school and university years. I served as an altar boy for 14 years, was part of the choir group and served as the Secretary of Changanacherry Arch Diocese Yuva Deepthi (KCYM) in 1996. After finishing my M.Com Degree, without any struggle I got a job as a teacher at St. Mary's Inter College, Etwah, UP, a Catholic Mission School, which I believe was the grace of God. I could organize a charismatic prayer group, propagate the word of God and inspire my friends and co-workers.

From there, my God chose me to teach in Botswana, a Southern African Country. When I received that offer, I did not even have the passport; however, many people helped and within ten days, I got the passport. I worked as a teacher at a place called Bobonong, 500kms from the capital city. There was no regular English church service there; so, I used to travel 80kms every Sunday to the nearest town called Selebi Phikwe to attend mass. Then, my friends and I started to pray with the result that regular English services were started in the church at Bobonong. I could inspire my students to attend church regularly. Until that time, some of them had not even heard of the Catholic Church. With the mercy of the living God, I got promoted as the Head of the Department of Business Subjects, a post usually reserved for the locals. In 2004, the Great God chose "**Sneha" as my wife and blessed us with two sons; Alex and Anton**. I came to New Zealand in 2009. Initially, I struggled to find a job but with the blessings of my ever living God, I soon landed in a job. My wife and I worked for the Auckland District Health Board. Moreover, I got the wonderful opportunity to teach catechism for year 10 students at the Syro Malabar Catholic Mission, Auckland. In a country like NZ, catechism studies in the Syro Malabar system are of great help for the younger generation to grow in God's love.

Now, we are moving to Australia and believe that God will take care of us. I firmly believe whatever I have gained in my life is because of the abundant blessings of my God. **" For surely I know the plans I have for you, says the Lord, plans for your welfare and not for harm, to give you a future with hope " Jeremiah 29:11.** Yes, our loving God is always good.

**Anu Varghese**.

# Bible Quiz-III

This issue of the Bible Quiz focuses on "The Acts of Apostles".

Sunday School Students are encouraged to send in their answers at the earliest as prizes will be given for the first three winners.

The winners of the last issue are: **Riya Koshy, Harris Tomy and Juliet Sebastian**.

## Congratulations to all the winners!

**Kindly read the instructions before attempting**.

- Only Sunday School Children will be eligible to participate
- Answers should be sent to rainbowsmcm@gmail.com on or before 15 November.
- All answers should be based on the Catholic Edition of the Bible.
- Prizes will be given to the first three winners. If there are more than three winners, a lucky draw will be conducted to decide the winners.

**Questions**

1. Who were the two persons proposed to take the place of Judas?
2. Who was finally chosen to take the place of Judas?
3. What was the method used to chose the person who replaced Judas?
4. Hakeldama means __________________.
5. Name the seven persons chosen by the 12 Apostles and entrusted with the task of overseeing the distribution of food in the early Christian Community.
6. Who was the apostle who first preached the Bible in Samaria ?
7. The name of the person who was bedridden being paralyzed for eight years and healed by Peter.
8. The King who ordered the killing of Apostle James was ________.
9. The place where the disciples were first called by the name Christians.
10. The name of the city that was full of idols, the sight of which deeply distressed St Paul.

***Good Luck to all the participants.***

***TEAM RAINBOW***

**ഓക്‌ലന്റിൽ വചനപ്രഘോഷണവും വിശ്വാസവർഷ ഉദ്ഘാടനവും:** ന്യൂസിലാന്റ് സീറോമലബാർ കാത്തലിക് മിഷന്റെ ആഭിമുഖ്യത്തിൽ കത്തോലിക്കാസഭ ആഗോളതലത്തിൽ ആചരിക്കുന്ന വിശ്വാസവർഷത്തിന്റെ ഉദ്ഘാടനവും, വചനപ്രഘോഷണവും നടത്തി. ഒക്ടോബർ 4-ന് വൈകിട്ട് എപ്സം കാത്തലിക് പള്ളിയിൽവച്ച് **ഡിവൈൻ ടെലിവിഷൻ ചെയർമാൻ ഫാ. ജോർജ് പനയ്ക്കൽ നിലവിളക്ക് തെളിയിച്ച്, വിശ്വാസവർഷത്തോടനുബന്ധിച്ചുള്ള ഓക്‌ലന്റിലെ പരിപാടികളുടെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചു.** തുടർന്ന് ഡിവൈൻ ടെലിവിഷൻ ഡയറക്ടർ ഫാ. വർഗീസ് തുരുത്തിച്ചിറ, സീറോമലബാർ മിഷൻ ചാപ്ലിൻ ഫാ. ജോയി തോട്ടങ്കര, ട്രസ്റ്റിമാരായ പോൾ ജോസഫ്, ഫ്രാൻസിസ് വടശ്ശേരിൽ, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ റെജി ചാക്കോ, സാന്തോം യൂത്ത് ഗ്രൂപ്പ് പ്രതിനിധി സെബിൻ സ്റ്റീഫൻ എന്നിവരും നിലവിളക്കു തെളിയിച്ചു. തുടർന്ന് രണ്ടു ദിവസങ്ങളിലായി പനയ്ക്കലച്ചന്റെ നേതൃത്വത്തിൽ നടന്ന വചന പ്രഘോഷണവും ആരാധനയും വിശ്വാസികൾക്ക് വലിയ ആത്മീയഉണർവിനു കാരണമായി. ഡിവൈൻ ടെലിവിഷന്റെ പ്രവർത്തനങ്ങളിൽ സാമ്പത്തികമായും, പ്രാർത്ഥനയാലും സഹായമാകുവാൻ ഫാ. ജോർജ് പനയ്ക്കൽ അഭ്യർത്ഥിച്ചു. 5-ാം തീയതി രാത്രി അഭിഷേകപ്രാർത്ഥനയോടെ ധ്യാനം പര്യവസാനിച്ചു. രണ്ടുദിവസങ്ങളിലായി ആയിരത്തിലേറെപേർ ധ്യാനത്തിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിച്ചു. ധ്യാനത്തിന്റെ പ്രസക്തഭാഗങ്ങൾ ഡിവൈൻ ടെലിവിഷനിൽ സംപ്രേഷണം ചെയ്യുന്നതാണെന്ന് ഫാ. വർഗീസ് അറിയിച്ചു. പങ്കെടുത്ത എല്ലാവർക്കും ഫാ. ജോയി നന്ദി പറഞ്ഞു. സീറോമലബാർ മിഷൻ പാരീഷ് കൗൺസിലാണ് ധ്യാനപരിപാടികൾക്ക് ചുക്കാൻ പിടിച്ചത്.

**ന്യൂസിലാന്റിൽ അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിച്ചു:** ഓക്‌ലന്റ് സീറോമലബാർ കാത്തലിക്മിഷന്റെ ആഭിമുഖ്യത്തിൽ **വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടി.** ജൂലൈ 29 ഞായറാഴ്ച എപ്സം കാത്തലിക് പള്ളിയിൽ വച്ചാണ് തിരുനാൾ ആഘോഷിച്ചത്. വൈകിട്ട് 4.30-ന് അൽഫോൻസാമ്മയുടെ തിരുസ്വരൂപം വെഞ്ചരിച്ച് ചടങ്ങുകൾ ആരംഭിച്ചു. തുടർന്ന് ആഘോഷമായ തിരുനാൾ പാട്ടുകുർബാനയ്ക്ക് ഫാ. ജോയി തോട്ടങ്കര CSSR കാർമ്മികത്വം വഹിച്ചു. സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി എളുപ്പമാണെന്ന് തന്റെ സഹനജീവിതത്തിലൂടെ അൽഫോൻസാമ്മ തെളിയിച്ചുവെന്ന് ഫാ. ജോയി തന്റെ പ്രസംഗമദ്ധ്യേ സൂചിപ്പിച്ചു. കുർബാനയ്ക്കുശേഷം ലദീഞ്ഞ് ഉണ്ടായിരുന്നു. തുടർന്ന് നേർച്ച ഭക്ഷണം വെഞ്ചരിച്ചു. തിരുനാളിന്റെ ഭാഗമായി സ്നേഹവിരുന്നും നടത്തപ്പെട്ടു. ചടങ്ങുകൾക്ക് പാരീഷ് കൗൺസിൽ അംഗങ്ങൾ നേതൃത്വം നൽകി.. സീറോമലബാർ കാത്തലിക് മിഷൻ സൺഡേസ്കൂൾ അർദ്ധവാർഷിക പരീക്ഷയിൽ ഉന്നത വിജയം നേടിയ കുട്ടികളെ ഫാ. ജോയി അനുമോദിച്ചു. 1 മുതൽ 12 വരെ ക്ലാസുകളിൽ ആദ്യമൂന്നു സ്ഥാനങ്ങൾ നേടിയവരെയാണ് സൺഡേസ്കൂൾ അസംബ്ലിയിൽ സമ്മാനങ്ങൾ നൽകി അനുമോദിച്ചത്. വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തെ ആസ്പദമാക്കിയുള്ള ബൈബിൾ ക്വിസ് ഫൈനൽ റൗണ്ട് ഓഗസ്റ്റ് 5 ഞായറാഴ്ച 3.30-ന് നടന്നു.

**ന്യൂസിലാന്റിൽ വിശ്വാസപരിശീലനക്യാമ്പ്:** ഓക്‌ലന്റ് സീറോമലബാർ കാത്തലിക് മിഷന്റെ ആഭിമുഖ്യത്തിൽ 1 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കുവേണ്ടി നടത്തിയ ശിശിരകാല വിശ്വാസപരിശീലന ക്യാമ്പ് വിജയകരമായി പര്യവസാനിച്ചു. ജൂലൈ 6,7 തീയതികളിൽ എപ്സം കാത്തലിക് പള്ളിയിൽ വച്ചാണ് തുടർച്ചയായ 5-ാം വർഷം ഈ ക്യാമ്പ് നടത്തപ്പെട്ടത്. നൂറോളം കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. ''വിശ്വാസജീവിതത്തിൽ ബന്ധങ്ങളുടെ പങ്ക്'' എന്ന മുഖ്യവിഷയത്തെ ആസ്പദമാക്കി നടത്തപ്പെട്ട ക്യാമ്പിൽ ദൈവവുമായും, സഭയുമായും, സമൂഹവുമായും, കുടുംബവുമായും, സുഹൃത്തുക്കളുമായും, പരിസ്ഥിതിയുമായും ഉള്ള ബന്ധങ്ങളെ ആസ്പദമാക്കി ക്ലാസ്സുകളും ചർച്ചകളും സംഘടിപ്പിക്കപ്പെട്ടു. സീറോമലബാർമിഷൻ ചാപ്ലിൻ ഫാ. ജോയി തോട്ടങ്കര, ഹിൽസ്ബറോ ഫ്രാൻസിസ്കൻ റിട്രീറ്റ് സെന്ററിലെ ഫാ. അരുൾ സ്വാമി, സാജൻ വെളിയത്ത്, അനുവർഗീസ്, ജോസ് ജോസഫ്, ടോമി ജോസഫ്, ലിസാ ജോൺസൺ എന്നിവർ ക്ലാസുകൾ നയിച്ചു. ആക്ഷൻ സോങ്ങുകളും, വിവിധമത്സരങ്ങളും, കളികളും, ആക്ടിവിറ്റികളും കൊണ്ട് സമ്പന്നമായ ക്യാമ്പ് ഒരു പുത്തൻ അനുഭവമായിരുന്നുവെന്ന് ക്യാമ്പിൽ പങ്കെടുത്ത മുഴുവൻ കുട്ടികളും ഏകസ്വരത്തിൽ അഭിപ്രായപ്പെട്ടു. റജി ചാക്കോ, ജോസ് ജോസഫ്, ലിസാ ജോൺസൺ, ടീനാ തോമസ്, ഷാലി ക്ലമന്റ്, ലിജി ടോമി, ലോട്ടസ് റജി, നിഷി ജോസഫ്, പോൾ ജോസഫ് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. രണ്ടുദിവസങ്ങളിലായി നടത്തപ്പെട്ട വിവിധ മത്സരങ്ങളിൽ റിയ കോശിയുടെ നേതൃത്വത്തിലുള്ള സെന്റ്തോമസ് ടീം ഒന്നാംസ്ഥാനം നേടി. **ക്യാമ്പിലെ താരങ്ങളായി ഗ്ലോറി ക്ലമന്റ്, ഹാരീസ് ടോമി (സീനിയർ വിഭാഗം), ഡാനിയൽ ജോസഫ്, മരീസ ജയ്സ് (ജൂനിയർ വിഭാഗം) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.** ക്യാമ്പിന്റെ വൻവിജയത്തിന് വഴിതെളിച്ച ഏവരേയും ഫാ. ജോയി അഭിനന്ദിച്ചു. സൺഡേസ്കൂൾ അർദ്ധവാർഷികപരീക്ഷ ജൂലൈ 15 ഞായറാഴ്ച നടന്നു.

# Events



**Year of Faith being inaugurated by Rev Fr George Panackal VC, Chairman, Divine TV.**



**Indian Independence Day Celebrations conducted by the Parish**

A little girl was talking to her teacher about whales. The teacher said it was physically impossible for a whale to swallow a human being because even though it was a very large mammal its throat was very small. The little girl stated that Prophet Jonah was swallowed by a whale. Irritated, the teacher reiterated that a whale could not swallow a human; it was physically impossible. The little girl said, "When I get to heaven I will ask Jonah." The teacher asked, "What if Jonah went to hell?" The little girl replied, "Then you ask him."

One day a little girl was sitting and watching her mother do the dishes at the kitchen sink. She suddenly noticed that her mother had several strands of white hair sticking out in contrast to her brunette head. The girl looked at her mother and asked inquisitively 'Why are some of your hairs white, Mum?' Her mother replied, "Well, every time you do something wrong and make me cry or unhappy, one of my hair turns white.' The little girl pondered over for a while and replied "Mum, then how come ALL of grandma's hairs are white?

**James Mannanal**

*Rainbow: Express, Exchange and be Informed of a Christian Way of Life !*



***Send your articles to rainbowsmcm@gmail.com***

**The Vision of the SM Mission**

***"We, the Syro-Malabar Catholic Mission New Zealand, take every step to live our Christian Vocation as handed over to us through St. Thomas, the Apostle of Jesus Christ, with its own particular characteristics expressed in worship, spirituality, theology and disciplinary laws, to unite all the Syro-Malabar faithful in New Zealand under the hierarchical order of the Syro-Malabar Community and handover the same faith and tradition to our children"***

**Printed and published by Syro Malabar Catholic Mission Auckland, Our lady of the Sacred Heart Parish, 19 Banff Ave, Epsom, Auckland. www.asmcm.org Tel: 6303956 Email: smchaplainnz@gmail.com, Mobile: 0226977207. Pvt Circulation**